# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം
## പോലീസുകാരുടെ തപാൽ ബാലറ്റിലെ കൃത്രിമം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 120. 28/5/2019-ൽ മറുപടിക്ക്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | പിണറായി വിജയൻ (മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഇക്കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പിൽ പോലീസുകാരുടെ തപാൽ ബാലറ്റിൽ കൃത്രിമം നടത്തിയതിൽ കേരള പോലീസ് അസോസിയേഷന് പങ്കുണ്ടെന്ന് പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തുകയുണ്ടായോ; | (എ) & (ബി) | പോലീസുകാരുടെ തപാൽ ബാലറ്റിനെ സംബന്ധിച്ചുണ്ടായ ആരോപണങ്ങളെ സംബന്ധിച്ച് ഇന്റലിജൻസ് മേധാവി പ്രാഥമിക അന്വേഷണം നടത്തി, ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തണമെന്ന് ശുപാർശ ചെയ്ത് റിപ്പോർട്ട് നൽകുകയുണ്ടായി. ആയതിന്മേൽ തുടർനടപടികൾ ആവശ്യപ്പെട്ടുകൊണ്ട് സി.ഇ.ഒ.യ്ക്ക് കത്ത് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ക്രൈം ബ്രാഞ്ചിന് കേസന്വേഷണ ചുമതല നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇക്കാര്യം സ്ഥിരീകരിച്ച് സംസ്ഥാന പോലീസ് മേധാവി നൽകിയ പ്രാഥമിക റിപ്പോർട്ട് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ അംഗീകരിക്കുകയുണ്ടായോ; | | |
| (സി) | പോലീസ് ഓഫീസേഴ്സ് അസോസിയേഷൻ കൂടി ആരോപണ വിധേയമായ ഈ കേസിൽ അതിൽ അംഗമായ ഒരു ഡി.വൈ.എസ്.പി. യെത്തന്നെ കേസന്വേഷണത്തിന് ചുമതലപ്പെടുത്തിയത് ന്യായീകരിക്കാവുന്നതാണോ എന്ന് വ്യക്തമാക്കുമോ; | (സി) | ഐ.ജി.പി. ക്രൈം ബ്രാഞ്ചിന്റെ നേരിട്ടുള്ള മേൽ നോട്ടത്തിൽ ഉള്ള ഒരു പ്രത്യേക ടീമാണ് ടി കേസ് അന്വേഷിക്കുന്നത്. |
| (ഡി) | തപാൽ വോട്ടുകൾ ആവശ്യപ്പെട്ട് പോലീസുകാരൻ ശബ്ദസന്ദേശമയച്ച ശ്രീപത്മനാഭ വാട്സ്ആപ്പ് ഗ്രൂപ്പ് ഈയിടെ ഡിലീറ്റ് ചെയ്തതിൽ പോലീസ് അസോസിയേഷന്റെ പങ്ക് അന്വേഷിക്കുമോ; | (ഡി) | പോസ്റ്റൽ ബാലറ്റുമായി ബന്ധപ്പെട്ട എല്ലാ പരാതികളും ക്രൈം ബ്രാഞ്ച് അന്വേഷിച്ചു വരികയാണ്. |
| (ഇ) | തപാൽ വോട്ടുകൾ മുഴുവനും റദ്ദാക്കി എല്ലാ പോലീസുകാർക്കും ഫെസിലിറ്റേഷൻ സെന്റർ വഴി വോട്ട് ചെയ്യുന്നതിന് സൗകര്യമൊരുക്കാൻ തിരഞ്ഞെടുപ്പ് കമ്മീഷനോട് ശുപാർശ ചെയ്യുമോ; വ്യക്തമാക്കുമോ? | (ഇ) | ഇക്കാര്യം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ